THE ROMAN CATHOLIC DIOCESE OF VIJAYAPURAM
AD CHRISTI NOMEN - 1930

2024
മെയ്

വാല്യം 17 | ലക്കം 5
Annual Subscription ₹ 100.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN



## "നസ്രായൻ വിളിക്കുന്നു"



*തിരുബാല സഖ്യ ദിനാഘോഷം  പീരുമേട് മേഖല*



*തിരുബാല സഖ്യ ദിനാഘോഷം  മൂന്നാർ ഫൊറോന*



**കെ.ആർ.എൽ.സി.ബി.സി.**
**മതബോധന കമ്മീഷൻ**
**ചെയർമാനായി നിയമിക്കപ്പെട്ട**
**വിജയപുരം രൂപത**
**സഹായ മെത്രാൻ**
**അഭി. ജസ്റ്റിൻ**
**മഠത്തിൽപറമ്പിൽ പിതാവിന്**
**പ്രാർത്ഥന മംഗളങ്ങൾ**

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2024 MAY | Registered Newspaper, Reg. No. KERMAL/2008/24745 | Vol.17 • No.5

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649



## താളുകൾ മറിക്കുമ്പോൾ...

4. എഡിറ്റോറിയൽ

6. സർക്കുലർ

12.. ഫ്രാൻസിസ് പാപ്പാ സന്ദേശം

12. പ്രഥമ ദിവ്യകാരുണ്യസ്വീകരണം...

19. ഇടവകകളിൽനിന്നും കൂരിയായിൽ ലഭിച്ച തുകകൾ

25 ഇടവക വാർത്തകൾ

29. വി.എസ്.എസ്.എസ്. വാർത്തകൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

Editorial

# മെയ് :
# ദൈവമാതാവിന്റെ മാസം

മെയ് 31 ദൈവമാതാവിന്റെ സന്ദർശന തിരുനാളാണ്. എന്നാൽ ആ ദിനം മാത്രമല്ല മെയ് മാസം മുഴുവൻ ദൈവമാതാവിന്റെ മാസമായി പരമ്പരാഗതമായി ആചരിക്കപ്പെടുന്നു. ആ മാസത്തിലെ ഓരോ ദിവസവും ക്രൈസ്തവർ ഒരുമിച്ചുകൂടി ദൈവമാതാവിനെ വണങ്ങാനം ധ്യാനിക്കാനും മാതൃപ്രാർത്ഥനകൾ പ്രാർത്ഥിച്ച് മറിയത്തിലൂടെ കൃപാവരം ഉൾക്കൊള്ളാനും പ്രചോദനം സ്വീകരിക്കാനും പ്രത്യേകം ശ്രദ്ധ വെയ്ക്കുന്നു. ഇങ്ങനെ ജീവിതത്തെത്തന്നെ ദൈവികമാക്കാനും പ്രാർത്ഥനാ നിർഭരമാക്കാനും സമയത്തെ-മണിക്കൂറുകളെയും ദിവസങ്ങളെയും മാസങ്ങളെയും വഷങ്ങളെയും ദൈവത്തിനും, വിശുദ്ധർക്കും രക്ഷാകര ചരിത്രത്തിലെ സംഭവങ്ങൾക്കും അനുഭവങ്ങൾക്കും പ്രത്യേകം പ്രതിഷ്ഠിക്കുന്ന പാരമ്പര്യം സഭയിലുണ്ട്. ഉദാഹരണമായി ഓരോ വർഷവും തന്നെ കർത്താവിന് പ്രതിഷ്ഠിതമാണ്. യേശു ജനിച്ചപ്പോൾ തുടങ്ങി ഓരോ വർഷത്തെയും കണക്കുകൂട്ടുന്നത് “കർത്താവിന്റെ വർഷത്തിൽ ”(Anno Domini- AD) എന്നാണ്. കൂടാതെ വിവിധ വർഷങ്ങൾ ജൂബിലി വർഷമായി സഭ കൊണ്ടാടുന്നുണ്ട്. 2000-ാമാണ്ട് പരിശുദ്ധ ത്രിത്വത്തിന്റെ മഹാജൂബിലിയായിരുന്നു. ഓരോ ദിവസവും മൂന്നുമണി ദിവ്യകാരുണ്യത്തിന്റെ മണിക്കൂറായി വിളിക്കപ്പെടുന്നു.

വർഷത്തിലെ ഓരോ മാസവും ഓരോ വിശുദ്ധർക്കും വിശുദ്ധമായ കാര്യങ്ങൾക്കോ ആയി പ്രതിഷ്ഠിക്കപ്പെടുന്നുണ്ട്. ജനുവരി കർത്താവിന്റെ നാമത്തിന് പ്രതിഷ്ഠിതമാണ്. ഫെബ്രുവരി കർത്താവിന്റെ സമർപ്പണത്തിനും മാർച്ച് യൗസേപ്പിതാവിനും ഏപ്രിൽ കർത്താവിന്റെ ഉത്ഥാനത്തിനും മെയ് ദൈവമാതാവിനും ജൂൺ തിരുഹൃദയത്തിനും പ്രതിഷ്ഠിതമാണ്. ജൂലൈ ഈശോയുടെ തിരുരക്തത്തിനും ആഗസ്റ്റ് മറിയത്തിന്റെ സ്വർഗ്ഗാരോഹണത്തിനും സെപ്റ്റംബർ വിശുദ്ധ കുരിശിനും ഒക്ടോബർ ജപമാല രാജ്ഞിക്കും പ്രതിഷ്ഠിതമായിട്ടുണ്ട്. തിങ്കൾ പരിശുദ്ധാത്മാവിന് അല്ലെങ്കിൽ മാലാഖമാർക്ക്. ചൊവ്വ വിശുദ്ധ അന്തോനീസിന് അല്ലെങ്കിൽ വിശുദ്ധ സ്നാപകയോഹന്നാന്. ബുധൻ വിശുദ്ധ യൗസേപ്പിതാവിന് വ്യാഴം ദിവ്യകാരുണ്യത്തിന്. വെള്ളി തിരുഹൃദയത്തിന്, ശനി ദിവ്യമാതാവിന്. ഞായറാഴ്ച കർത്താവിന്റെ ഉത്ഥാനത്തിനും. കൂടാതെ മനുഷ്യരെ

വിശുദ്ധിയുടെ പാതയിലൂടെ നയിക്കുന്നതിനും വിശുദ്ധരാകാൻ പ്രചോദിപ്പിക്കുന്നതിനും വിശുദ്ധരുടെ മദ്ധ്യസ്ഥം ലഭ്യമാക്കുന്നതിനുമായി വർഷത്തിലെ ഓരോ ദിവസവും വിശുദ്ധരുടെ തിരുനാൾ കൊണ്ടാടാറുണ്ട്. ഈശോയുടെ തിരുനാളുകൾ കഴിഞ്ഞാൽ മറിയത്തിന്റെ തിരുനാളുകളാണ് സഭയിൽ ഏറ്റവും കൂടുതൽ ആഘോഷിക്കപ്പെടുന്നത്. ഓരോ മാസത്തിലും ഒരു മരിയൻ തിരുനാളെങ്കിലും ആഘോഷിക്കപ്പെടുന്നു. ജനുവരി 1ന് ദൈവമാതാവിന്റെ തിരുനാൾ. ഫെബ്രുവരി ഈശോയുടെ സമർപ്പണതിരുനാൾ, മാർച്ച് 25 മംഗളവാർത്ത തിരുനാൾ, ഏപ്രിൽ 4 കൃപാനാഥയുടെ തിരുനാൾ, മെയ് 3 സന്ദർശനതിരുനാൾ, ജൂൺ 27 നിത്യസഹായ മാതാവിന്റെ തിരുനാൾ. ജൂലൈ 16 കർമ്മലമാതാവിന്റെ തിരുനാൾ. സെപ്റ്റംബർ 8 ജനനതിരുനാൾ, ഒക്ടോബർ 7 ജപമാല രാജ്ഞിയുടെ തിരുനാൾ. നവംബർ 21- മറിയത്തിന്റെ സമർപ്പണതിരുനാൾ. ഡിസംബർ 8 അമലോത്ഭവ തിരുനാൾ.

ദൈവപുത്രനായ യേശു ക്രിസ്തുവിനെ ലോകത്തിൽ അവതരിപ്പിച്ചതിലൂടെ ലോകത്തിനു വസന്തം വരുത്തിയ കന്യകാമറിയത്തിന് പ്രതിഷ്ഠിതമായ മെയ്മാസ വണക്കം നമുക്ക് ഭക്തിപൂർവ്വം ആചരിക്കാം. അങ്ങനെ മറിയത്തെ നമ്മുടെ അമ്മയായി ഏറ്റുപറഞ്ഞ് അവളുടെ ജീവിതത്തെ ധ്യാനിച്ചും നമുക്ക് കൃപയിൽ വളരാം. മാതാവ് എലിസബത്തിനെ സന്ദർശിച്ചപോലെ നമ്മെയും സന്ദർശിച്ച് പരിശുദ്ധാത്മാവിന്റെ നിറവും ദൈവാനുഗ്രഹങ്ങളും ദൈവികസന്തോഷവും നമുക്ക് അനുഭവവേദ്യമാക്കട്ടെ.

*- പത്രാധിപർ*

---




**മെയ്**

# ജന്മദിനാശംസകൾ

02. ഫാ. ആഗ്നൽ ഡോമിനിക് റോഡ്രിഗ്സ്
03. ഫാ. സേവ്യർ മാമ്മൂട്ടിൽ
04. ഫാ. ഐസക് പടിഞ്ഞാറെക്കുറ്റ്
17. ഫാ. മൈക്കിൾ വലയിഞ്ചിയിൽ
20. ഫാ. ഔസേഫ് പുത്തൻപറമ്പിൽ
20. ഫാ. പീറ്റർ ഇഞ്ചപ്പാറ
21. ഫാ. സേവ്യർ തൈപ്പാടത്ത് ഒ. എസ്. ജെ.
29. ഫാ. ജോബ് കുഴിവയലിൽ
30. ഫാ. ആന്റണി ചേലാട്ട്
31. ഫാ. അഗസ്റ്റിൻ മേച്ചേരിൽ

Diocese of Vijayapuram

CIRCULAR LETTER

VOL. XVIII • NO.3 • APRIL 2024

**മൂന്നാർ കാർമൽ ദേവാലയം ഇനി മൈനർ ബസിലിക്ക**

ഈശോയിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, ബഹു. സന്യസ്തരേ, വന്ദ്യ വൈദികരേ, വാത്സല്യം നിറഞ്ഞ കുഞ്ഞുമക്കളേ,

പരിശുദ്ധിയുടെ പരിമളം പരത്തുന്ന വിശുദ്ധ നാട്ടിലെ കർമ്മലമലയിൽ ജന്മം കൊണ്ട സന്യസ്തരുടെ പിൻഗാമികളായ സ്പെയിൻകാരായ കർമ്മലീത്താക്കാർ അതേപോലെ വശ്യമനോഹരമായ മറ്റൊരു കുന്നിൽ ഒരാലയം ദൈവത്തിനായി സമർപ്പിച്ചതിന്റെ 125-ാം വാർഷികത്തിൽ (Quasquicentennial) പ. ഫ്രാൻസിസ് പാപ്പ മൗണ്ട് കാർമൽ ഇടവക ദേവാലയത്തെ സഭയിലെ മഹാദേവാലയങ്ങളുടെ (Minor Basilica) ഗണത്തിലേക്ക് ഉയർത്തി എന്ന വാർത്ത നാം എവരും അത്യന്തം ആഹ്ലാദത്തോടെയാണല്ലോ ശ്രവിച്ചത്. ഇതു സംബന്ധിച്ച് 2024 ഫെബ്രുവരി 28-ാം തീയതി ദിവ്യാരാധനയ്ക്കും കൂദാശകളുടെ അച്ചടക്കത്തിനുമുള്ള ഡികാസ്റ്ററി പ്രസിദ്ധീകരിച്ച ഡിക്രി പ്രകാരം നമുക്ക് അഭിമാനം പകരുന്ന വാർത്ത നമ്മുടെ ഭദ്രാസന ദേവാലയമായ വിമലഗിരിയിൽ മാർച്ച് 27-ാം തീയതി തിരുത്തൈല ആശീർവാദ ബലിക്കുശേഷം ദൈവജനത്തിന്റെയും നമ്മുടെ എല്ലാ സന്യസ്തരുടെയും വൈദികരുടെയും സാന്നിദ്ധ്യത്തിൽ വിളംബരം ചെയ്യുവാൻ സാധിച്ചത് ദൈവപരിപാലനയായി കണക്കാക്കാം. മൗണ്ട് കാർമൽ ഇടവക ദേവാലയത്തെ പ.സിംഹാസനം മൈനർ ബസിലിക്ക ആയി ഉയർത്തിയപ്പോൾ വാസ്തവത്തിൽ വിദേശ മിഷനറിമാരുടെ മിഷൻ ചൈതന്യത്തെ ആദരിക്കുകയും അംഗീകരിക്കുകയും ആണ് ചെയ്തത്.

**ഹ്രസ്വചരിത്രം**

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ വരാപ്പുഴ, കൊച്ചി, ആലപ്പുഴ രൂപതകളിൽ നിന്നും തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം കത്തോലിക്കർ എസ്റ്റേറ്റിലെ വിവിധ ജോലിക്കായും കച്ചവടത്തിനായും എത്തിയിരുന്നു. യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തതയും കാട്ടുമൃഗങ്ങളുടെ ഭീഷണിയും മൂലം ആ ഭാഗത്തേക്ക് പോകാൻ പലരും മടിച്ചപ്പോഴാണ്, നാഥൻ തന്നെ ഭരമേൽപിച്ച ദൗത്യം പ്രേഷിതവേലയാണെന്ന തികഞ്ഞ ബോധ്യത്തോടെ ഭാഗ്യസ്മരണാർഹനായ ഫ. അൽഫോൻസ് മരിയ O.C.D. ഏത് പ്രതിബന്ധങ്ങളെയും തരണം ചെയ്യാൻ സ

ന്നദ്ധനായത്. ഏതാണ്ട് പതിമൂന്ന് മാസത്തോളം ശരിയായ വാസസ്ഥലമൊന്നും ഇല്ലാതെ തന്നെ അദ്ദേഹം കൂദാശകൾ പരികർമ്മം ചെയ്തും പുതിയ വിശ്വാസികളെ സഭയിലേക്ക് സ്വീകരിച്ചും ജനത്തിന്റെ നല്ല ഇടയനായി വേല ചെയ്തു. കമ്പനി അധികാരികൾ വിദേശീയരും മറ്റു ക്രിസ്തീയ വിഭാഗത്തിൽപെട്ടവരും ആയിരുന്നുവെങ്കിലും വിദേശ കത്തോലിക്ക മിഷനറിയുടെ പ്രവർത്തനത്തെ നിരുത്സാഹപ്പെടുത്തിയില്ല. പ്രോട്ടസ്റ്റന്റ് പാസ്റ്റർമാർക്ക് പ്രത്യേക സാമ്പത്തിക സഹായം അവർ നൽകിയിരുന്നു. എന്നാൽ അൽഫോൻസച്ചന്റെ നിരന്തരമായ അഭ്യർത്ഥന പരിഗണിച്ചു മൂന്നാർ ടൗണിന്റെ ഹൃദയഭാഗത്തു പള്ളിക്കായി കുറച്ചു സ്ഥലം നൽകാൻ അവർ മനസ്സായി. ഉടനെ തന്നെ ബ. അൽഫോൻസ് അച്ചൻ പുല്ലുകൊണ്ട് ഒരു പള്ളി കെട്ടി അവിടെ ദിവ്യബലി അർപ്പിക്കാൻ തുടങ്ങി. പ്രസ്തുത പ്രഥമ ദേവാലയം തുടങ്ങിയത്  1898 ൽ ആയിരുന്നു. അതിനു ശേഷം എല്ലാ വർഷവും അൽഫോൻസ് മരിയ വല്യച്ചൻ മൂന്നാറിൽ പോയി തന്റെ പ്രിയപ്പെട്ട മക്കളെ ശുശ്രൂഷിച്ചിരുന്നു. വനത്തിലൂടെയുള്ള യാത്രയും ജീവിതവും  പ്രതികൂല കാലാവസ്ഥയും അദ്ദേഹത്തെ കൂടുതൽ തളർത്തുകയും രോഗബാധിതനാക്കുകയും ചെയ്തു. 1916ൽ അദ്ദേഹം വീണ്ടും തന്റെ പ്രിയ ജനത്തെ ശുശ്രൂഷിക്കാനായി മൂന്നാറിലേക്ക് മല ചവുട്ടി. എന്നാൽ അദേഹത്തിന്റെ രോഗം മൂർച്ഛിക്കുന്നതായി മനസ്സിലാക്കിയ ബെർണർഡ് മെത്രാപോലീത്ത ഭാഗ്യസ്മരണാർഹരായ സെറാഫിനച്ചനെയും ബൊനവെന്തുര (പിന്നീട് വിജയപുരത്തെ പ്രഥമ മെത്രാൻ) അച്ചനെയും അൽഫോൻസച്ചനെ ശുശ്രൂഷിക്കുവാനും നാട്ടിലേക്കു തിരിച്ചുകൊണ്ടുവരുന്നതിനായും അയച്ചു. പക്ഷേ താൻ ഏറെ സ്നേഹിച്ചു വളർത്തിയ മൂന്നാറിലെ മക്കളുടെ സന്നിധിയിൽവച്ചു തന്നെ പരലോകത്തേക്കു അദ്ദേഹം യാത്രയായി. മൂന്നാർ മൈനർ ബസിലിക്കയായി ഉയർത്തപ്പെട്ടപ്പോൾ അച്ചന്റെ മരണവാർത്തയെക്കുറിച്ചുള്ള കത്തിൽ പരാമർശിച്ചത് ഒരു പ്രവചനം പോലെ സാക്ഷാൽക്കരിക്കപ്പെടുകയായിരുന്നു: അൽഫോൻസച്ചന്റെ മരണം നിഷ്ഫലമാകയില്ല 'ഹൈറേഞ്ച് മലനിരകളിലെ തഴച്ചുവളരുന്ന ക്രിസ്ത്യാനികളുടെ സുവർണ്ണ കേന്ദ്രമായി മൂന്നാർ മാറും.' അൽഫോൺസ് അച്ചന്റെ കാലശേഷവും  മുന്നാറിലെ ശുശ്രൂഷ ഏറ്റെടുക്കുവാൻ അധികമാരും തയ്യാറായില്ല. കാടിനോടും കാട്ടുമൃഗങ്ങളോടും മല്ലടിച്ചു ജീവിക്കുന്ന തങ്ങൾക്കു ആദ്ധ്യാത്മിക ശുശ്രൂഷ ലഭ്യമാക്കണമെന്ന യാചന വിശ്വാസികൾ വരാപ്പുഴ മെത്രാപ്പോലിത്തയോട് നടത്തിയതിന്റെ വെളിച്ചത്തിൽ ഏറ്റവും അടുത്ത ആലുവ ഇടവകയുടെ ചുമതലയിൽ മൂന്നാർ പ്രദേശത്തെയും ഏല്പിക്കുകയായിരുന്നു. ഭാഗ്യസ്മരണാർഹനായ ഏഞ്ചൽ മേരി മെത്രാപ്പോലീത്ത 1919-ൽ ബ. മത്തിയാസ് ഒ.സി.ഡി. അച്ചനെ മൂന്നാറിന്റെ ചുമതല നൽകികൊണ്ട് ആലുവയിലെ വികാർ കോഓപ്പറേറ്റർ ആയി നിയമിച്ചു. പിന്നീട് മുന്നാറിൽ താമസിക്കുന്നതിനുള്ള നിർദ്ദേശത്തോടെ 1920 നവംബർ 10-ന് ഫാ. ബ്ലാസിയൂസ് ഒ.സി.ഡി യെ ആലുവയിലെ വികാർ കോ-ഓപ്പറേറ്റർ ആയി നിയമിച്ചു. അദ്ദേഹമാണ് ഇപ്പോഴത്തെ പള്ളിമേട പണികഴി

പ്പിച്ചത്. അദ്ദേഹത്തിന്റെ പിൻഗാമിയായ ഫ. സാലുസ്റ്റിൻ ഒ.സി.ഡി നിലവിലുള്ള പള്ളി കുറച്ചുകൂടി വലുതാക്കി. കുറച്ചും കുടി വലിപ്പമുള്ളതും ഉറപ്പുള്ളതുമായ ഒരു പള്ളിക്ക് അദ്ദേഹം രൂപകല്പന ചെയുകയും സ്വദേശത്തു പോയി പണപ്പിരിവു നടത്തുകയും ചെയ്തു. ഇപ്പോഴുള്ള പള്ളി 1937 ഏപ്രിൽ 17-ന് രൂപതാ മെത്രാൻ ഭാഗ്യസ്മരണാർഹനായ ബൊനവന്തുര അരാന പിതാവ് വെഞ്ചരിക്കുകയും ഫ. ബ്ലാസിയൂസ് ഒ.സി.ഡി യെ മൂന്നാറിന്റെ പ്രഥമ വികാരി ആയി നിയമിക്കുകയും ചെയ്തു.

**മൈനർ ബസിലിക്ക**

കത്തോലിക്ക സഭയിൽ നാല് മേജർ ബസിലിക്കകളാണുള്ളത്: സെന്റ് ജോൺ ലാറ്ററൻ ആർച്ച് ബസിലിക്ക, സെന്റ് പീറ്റേഴ്സ് ബസിലിക്ക, സെന്റ് മേരി മേജർ ബസിലിക്ക, സെന്റ് പോൾ ബസിലിക്ക ഔട്സൈഡ് ദ വാൾ. ഇവ നാലും സഭയുടെ സുവർണ കാലഘട്ടത്തിൽ കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ വിളംബരത്തിനുശേഷം പണിയപ്പെട്ടവയാണ്. പുരാതന റോമിൽ പട്ടണത്തിന് മധ്യത്തിലോ സിറ്റി ഫോറത്തിന് സമീപമോ നിയമപരമായ വ്യവഹാരങ്ങൾ നടത്തുന്നതിനോ മറ്റു പ്രധാന സമ്മേളനങ്ങൾ നടത്തുന്നതിനോ നടുക്ക് വിശാലമായ ഹാളും ചുറ്റും വരാന്തകളും ഒരറ്റത്തു സ്റ്റേജുമായി ചതുരാകൃതിയിലുള്ള കെട്ടിടങ്ങൾ ബസിലിക്കകൾ എന്ന് വിളിക്കപ്പെട്ടിരുന്നു. വളരെ ഗൗരവകരമായ കാര്യങ്ങൾ കൈകാര്യം ചെയപ്പെടുന്ന ഇടമായിരുന്നതിനാലും സവിശേഷമായ വാസ്തുവിദ്യയിലും കലാമൂല്യത്തിലും മികവുറ്റതായതുകൊണ്ടും ബസിലിക്കകൾക്കു ഉന്നതപദവി ലഭിച്ചിരുന്നു. രാജകൊട്ടാരങ്ങൾക്കു സമീപം നിർമ്മിക്കപ്പെട്ടവ രാജകീയ ബസിലിക്കകൾ എന്നും വിളിക്കപ്പെട്ടിരുന്നു. സ്വതന്ത്രയായ സഭയുടെ ആദ്യ ബസിലിക്കയായ സെന്റ് ജോൺ മേജർ ആർച്ച് ബസിലിക്ക കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ സമ്മാനമായിരുന്നു. 324-ൽ പ. സിൽവസ്റ്റർ പാപ്പായാണ് ആദ്യത്തെ ബസിലിക്ക പ്രതിഷ്ഠിച്ചത്. ഇതു റോമാ രൂപതയുടെ കത്തീഡ്രലും സഭയുടെയും റോമിന്റെയും തലവനും പിതാവുമായ പാപ്പായുടെ സിംഹാസനവുമാണ്. നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റയിൻ ചക്രവർത്തി പണിതുകൊടുത്ത സെന്റ്. പീറ്റേഴ്സ് ബസിലിക്ക പിന്നീട് പല തവണ നവീകരിക്കപെട്ടിട്ടുണ്ട്.അന്നുമുതൽ ഇന്നുവരെ പാപ്പായുടെ മേജർ ബസിലിക്കയായി ഇതിനെ പരിഗണിക്കുന്നു.

റോമിൽ വത്തിക്കാന്റെ അധികാരപരിധിക്കു പുറത്തു താർസുസിലെ പോളിന്റെ ശവകുടിരത്തിനു മുകളിൽ കോൺസ്റ്റന്റയിൻ ചക്രവർത്തി പണിതുകൊടുത്തതാണ് മതിലുകൾക്കു പുറത്തുള്ള സെന്റ് പോൾ മേജർ ബസിലിക്ക. ദൈവമാതാവിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന സെന്റ് മേരി മേജർ എന്നു വിളിക്കപ്പെടുന്ന റോമായുടെ മേജർ ബസിലിക്ക നിർമ്മിച്ചത് പാപ്പാ സെലിസ്റ്റിനാണ്. എല്ലാ പാപ്പമാരും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം യാചിക്കുവാൻ ഈ ബസിലിക്കയിൽ എത്തുക

പതിവായിരുന്നു. പ. ഫ്രാൻസിസ് പാപ്പാ തന്റെ തിരഞ്ഞെടുപ്പിന്റെ അടുത്ത ദിവസം രാവിലെ പരിശുദ്ധ അമ്മയുടെ സന്നിധേ എത്തിയിരുന്നു. തന്റെ എല്ലാ വിദേശ അജപാലന യാത്രകൾക്കു മുമ്പും പിമ്പും റോമാ ജനതയുടെ സൗഖ്യവും സംരക്ഷകയും (Salus Populi Romani) ആയ പ. മറിയത്തിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മേരി മേജർ ബേസിലിക്കയിൽ എത്തി പ്രാർത്ഥിക്കുന്നതിനു മുഖ്യപരിഗണന നൽകുന്നത് നമ്മുടെ വിശ്വാസ ജീവിതത്തിൽ ദൈവമാതാവിന്റെ പങ്കു ഒഴിച്ചുകൂടാത്തതാണെന്നു മാതൃക നൽകുകയാണല്ലോ.

കാലക്രമേണ റോമിന് പുറത്തു മറ്റു പാശ്ചാത്യ പൗരസ്ത്യ നാടുകളിലും ബസിലിക്കകളുടെ മാതൃകയിൽ ക്രിസ്തീയ ആരാധനാലയങ്ങൾ നിർമ്മിക്കുവാൻ തുടങ്ങി. ഇവയിൽ ചിലതൊക്കെ വലിപ്പത്തിലും വാസ്തുവിദ്യ ശൈലിയിലും ചരിത്ര പശ്ചാത്തലത്തിലും ഏറെ മികവുറ്റവയുമായിരുന്നു. ഈ വസ്തുതകൾ പരിഗണിച്ചു ചില ദേവാലയങ്ങളെ പ. പാപ്പായുടെ അധികാരസീമയിൽപ്പെടുത്തി മൈനർ ബസിലിക്കകളായി ഉന്നതപദവി നൽകുന്ന പതിവ് നിലവിൽ വന്നു.

### ബസിലിക്കയുടെ സവിശേഷതകൾ

പരിശുദ്ധ സിംഹാസനവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ പത്രോസിന്റ താക്കോലുകൾ ഉള്ള ചിഹ്നങ്ങൾ ദേവാലയ കവാടത്തിലും സങ്കീർത്തിയിലും പ്രദർശിപ്പിച്ചിരിക്കും. മൈനർ ബസിലിക്ക പ. പിതാവിന്റെ ദേവാലയമായതിനാൽ മേജർ ബസിലിക്കകളിൽ നടത്തുന്നതുപോലെ ആരാധനാക്രമങ്ങളും, തിരുനാളുകളും നടത്തേണ്ടിയിരിക്കുന്നു. അതായതു ഫെബ്രുവരി 22 (പത്രോസിന്റെ സിംഹാസനത്തിരുനാൾ), ജൂൺ 29 (വി. പത്രോസിന്റെയും വി. പൗലോസ്സിന്റെയും തിരുനാൾ), മാർച്ച് 13 (പ.പിതാവ് തിരഞ്ഞെടുക്കപ്പെട്ട ദിനം), മാർച്ച് 19 (പ. പിതാവിന്റെ സ്ഥാനോഹരണ ദിനം). കൂടാതെ പ്രത്യേക ഗായക സംഘം (schola cantorum), യാമ പ്രാർത്ഥന ഗ്രൂപ്പുകൾ, അനുരഞ്ജന കൂദാശകൾക്കുള്ള അവസരം, ഇവയൊക്കെ നിർബന്ധമായും ഉറപ്പ് വരുത്തുന്നു. സഭാ തലവനായ പാപ്പായുടെ പഠനങ്ങൾ, സന്ദേശങ്ങൾ, മറ്റു പ്രധാനപെട്ട തിരുവെഴുത്തുകൾ മൈനർ ബസിലിക്കകളിലും അറിയിക്കുകയും പഠനവിഷയമാക്കുകയും ചെയുന്നു.മൈനർ ബസിലിക്ക സന്ദർശിച്ചു വിധി പ്രകാരം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർക്കു പൂർണ്ണദണ്ഡവിമോചനം ലഭിക്കുകയും ചെയ്യുന്നു.

### ദണ്ഡവിമോചനം (Indulgences)

വി. പോൾ ആറാമൻ പാപ്പാ പഠിപ്പിക്കുന്നത് : 'അപരാധ വിമുക്തമായ പാപങ്ങളുടെ കാലിക ശിക്ഷയിൽ നിന്നു ദൈവമുമ്പാകെയുള്ള ഇളവു ചെയ്യലാണ് ദണ്ഡവിമോചനം. നിർദ്ദിഷ്ടമായ ചില വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തക്ക മനോഭാവമുള്ള ക്രിസ്തീയ വിശ്വാസികൾ അത് നേടിയെടുക്കുന്നു. വീണ്ടെടുപ്പിന്റെ ശുശ്രൂഷക എന്ന നിലയിൽ കിസ്തുവിന്റെയും വിശുദ്ധരുടെയും പരിഹാര കർമ്മങ്ങളുടെ നിക്ഷേപത്തെ അധികാരത്തോടെ വിതരണം ചെയുകയും വിനിയോഗിക്കുക

യും ചെയ്യുന്ന സഭയുടെ പ്രവർത്തിയിലൂടെയാണ് വിശ്വാസി ദണ്ഡവിമോചനം പ്രാപിക്കുന്നത് (CCC 1471). സഭയുടെ കാലികമായ സാമ്പത്തിക കാര്യങ്ങൾക്കായി ദണ്ഡവിമോചനങ്ങൾ പ്രഖ്യാപിച്ചപ്പോൾ സഭയിൽ വളരെയധികം പൊട്ടിത്തെറികൾക്കും പ്രതിഷേധങ്ങൾക്കും വിഭജനത്തിനും കാരണമായി. എന്നാൽ സഭയുടെ ആദ്ധ്യാത്മിക സ്രോതസിനെക്കുറിച്ചും പ. പാപ്പായിൽ നിഷിപ്തമായ അധികാരത്തെക്കുറിച്ചും ബോധ്യമുള്ള വിശ്വാസികൾക്കു അത് ഒരു പ്രശ്നമായിരുന്നില്ല. ഇന്നും സഭയിലെയും രൂപതകളിലെയും ദേവാലയങ്ങളിലെയും ജൂബിലിവേളകളിലും തീർത്ഥാടന കാലഘട്ടങ്ങളിലും ദണ്ഡവിമോചനങ്ങൾ പ്രഖ്യാപിക്കാറുണ്ട്. ഈ ലോകത്തു വച്ചു ചെയ്യുന്ന സത്കർമങ്ങളിലുടെയും ശരിയായ പശ്ചാത്താപത്തോടെ നിഷ്കർഷിക്കപ്പെടുന്ന പ്രാർത്ഥനകൾ അർപ്പിച്ചും ഒരു വിശ്വാസിക്കു സ്വർഗത്തിലേക്കുള്ള തന്റെ യാത്രയുടെ ദൈർഘ്യം കുറയ്ക്കുവാൻ കഴിയും എന്ന വിശ്വാസമാണ് ദണ്ഡവിമോചനത്തിന്റ അടിസ്ഥാന തത്വം. വി. ജോൺ പോൾ. രണ്ടാമൻ പാപ്പാ താക്കീതു നൽകുന്നത് 'വേഗം സ്വർഗത്തിലെത്തുന്നതിനുള്ള താക്കോലായി ദണ്ഡവിമോചനത്തെ കാണരുത്, പിന്നെയോ ദൈവത്തിന്റെ കരുണ അനുഭവിക്കാനുള്ള മാർഗമായി എടുക്കണം'. വിശുദ്ധ വാതിലിലൂടെ പ്രവേശിച്ചതുകൊണ്ടോ ബസിലിക്കകൾ സന്ദർശിച്ചതുകൊണ്ടോ ദണ്ഡവിമോചനം പ്രാപിക്കുകയില്ല, പിന്നെയോ യഥാർത്ഥമായ പശ്ചാത്താപത്തോടെ അനുരഞ്ജന കൂദാശ സ്വീകരിക്കുകയും വിശ്വാസപ്രമാണം, 1. സ്വർഗ്ഗസ്ഥനായ പിതാവേ... 1.നന്മ. 1. ത്രിത്വസ്തുതി എന്നിവ ചൊല്ലി പരിശുദ്ധ പിതാവിന്റെ നിയോഗത്തിന് വേണ്ടി പ്രാർത്ഥിക്കുകയും, ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും ചെയ്യുന്നവർക്കാണ് ഈ അനുകൂല്യം കരഗതമാകുന്നത്. പത്രോസിന്റ പിൻഗാമിയായ പ. പാപ്പായ്ക്ക് ദൈവകാരുണ്യത്തിന്റെ ഭണ്ഡാരത്തിന്റെ സൂക്ഷിപ്പുകാരനെന്ന നിലയിൽ അത് പങ്കു വയ്ക്കാനുള്ള അധികാരത്തിലാണ് ദണ്ഡമോചനങ്ങൾ പ്രഖ്യാപിക്കുന്നത്.

**മൂന്നാർ മൗണ്ട് കാർമൽ മൈനർ ബസിലിക്കയുടെ സാഘോഷമായ പ്രഖ്യാപനവും ദേവാലയത്തിന്റെ 125-ാം ജൂബിലി സമാപനവും.**

പ. സിംഹാസനത്തിന്റ ഡിക്രി ഔദ്യോഗികമായി വായിച്ചുകൊണ്ട് മൗണ്ട് കാർമൽ മൈനർ ബസിലിക്കയുടെ ഉദ്ഘാടനം നടത്തപ്പെടുന്നത് 2024 മെയ് മാസം 25-ാം തീയതി ഉച്ചകഴിഞ്ഞു 2 മണിക്കു ആരംഭിക്കുന്ന പൊന്തിഫിക്കൽ ദിവ്യബലി വേളയിലാണ്. 24ന് ജാഗരാ ശുശ്രൂഷകളും 26-ാം തീയതി ജൂബിലി സമാപനബലിയും ഉണ്ടായിരിക്കുന്നതാണ്. പ. ഫ്രാൻസിസ് പാപ്പാ തന്റെ പ്രധാന ദേവാലയങ്ങളിലൊന്നായി മൂന്നാർ മൗണ്ട് കാർമൽ ദേവാലയത്തെ ഉയർത്തിയത് എല്ലാ വിശ്വാസികൾക്കും വിശിഷ്യ രൂപതാ മക്കൾക്കും അഭിമാനവും ആവേശവും പകരുന്ന അനുഭവമായി മാറിയിരിക്കുന്നു. ഉദ്ഘാടന പൊന്തിഫിക്കൽ ദിവ്യബലിയിൽ നമ്മുടെ എല്ലാ വൈദികരും സന്യസ്തരും അൽമായ മക്കളും സജീവമായി പങ്കെടുക്കുവാൻ സസ്നേഹം ക്ഷണിച്ചുകൊള്ളുന്നു. ആഘോഷങ്ങൾക്കു നേതൃത്വം വഹിക്കുന്നതിനുള്ള സമിതി അഭി. ജസ്റ്റിൻ പിതാവിന്റെയും മൂന്നാർ, മറയൂർ, പീരുമേട്, മൂവാറ്റുപുഴ ഫൊറോന വികാരിമാരുടെയും നേതൃത്വത്തിൽ വിവിധ കമ്മറ്റികളിലൂടെ

പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഏറ്റവും കൂടുതൽ വിശ്വാസികൾ മൂന്നാർ, മറയൂർ, പീരുമേട് ഫൊറോനകളിൽ നിന്നും മററിടങ്ങളിൽ നിന്നു കഴിയുന്നത്ര പേരും പങ്കെടുക്കുവാൻ പരിശ്രമിക്കുവല്ലോ. മലനിരകളാൽ ചുറ്റപ്പെട്ടു മൂന്ന് ആറുകളുടെ തീരത്തു സ്ഥിതി ചെയുന്ന മൂന്നാർ പട്ടണത്തിനും അതിന്റെ മദ്ധ്യേ കർമല ക്കുന്നിൽ പ്രശോഭിക്കുന്ന ഇടവകയ്ക്കും ധാരാളം പരിമിതികളുണ്ടാവാം എന്നത് സ്വഭാവികമാണല്ലോ. എന്നാൽ എല്ലാവിധ സൗകര്യങ്ങളും ചെയ്തു തരാൻ പെ. ബഹു. റെക്ടറച്ചനും മറ്റു വൈദികരും സന്യസ്തരും ഇടവക മക്കളും തയാറാണ്. ഇടവക മക്കൾ ജുബിലി ആഘോഷങ്ങൾക്കായി വലിയ തുക ചിലവഴിച്ചുകഴിഞ്ഞു. നാം ഓരോരുത്തരും ആഘോഷങ്ങളുടെ ചെലവിലേക്കായി ഉദാരമായി സഹകരിക്കണം. ഒരോ വികാരി അച്ചനും സന്യസ്ത അധികാരികളും മുൻകൈ എടുത്തു ഇതിന്റെ വിജയത്തിനായി പ്രവർത്തിക്കണമെന്ന് താല്പര്യപെടുന്നു. സംഭാവനകൾ രൂപത പ്രോക്യൂറേറ്ററിന്റെ പേരിൽ കഴിയുന്നതും വേഗം അയച്ചുകൊടുക്കണേ.

മൂന്നാർ മൗണ്ട് കാർമൽ ബസിലിക്കയുടെ ഉദ്ഘാടന ശുശ്രുഷകളിലും ജുബിലി കൃതജ്ഞതാ ബലിയിലും യോഗ്യതയോടെ പങ്കെടുത്തു പ. കർമല മാതാവിന്റെ ശക്തമായ മാധ്യസ്ഥത്താൽ ദൈവകാരുണ്യം ആസ്വദിക്കുന്നതിനും സ്വർഗീയവരങ്ങൾ പ്രാപിക്കാനും ഏവർക്കും കഴിയട്ടെയെന്നു ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. രൂപതയിലെ സെന്റ് വിൻസെന്റ് ഡി പോൾ, ലീജിയൻ ഓഫ് മേരി തുടങ്ങിയ ഭക്ത സംഘങ്ങളും, ചെറുപുഷ്പ മിഷൻ ലീഗ്, തിരുബാല സഖ്യങ്ങൾ, ആനിമേറ്റർമാർ തുടങ്ങി പ്രത്യേക യൂണിഫോം ഉള്ളവർ യൂണിഫോമിൽ വരാൻ ശ്രമിക്കണേ. കർമ്മലീത്തർ നമുക്കു സമ്മാനിച്ച കർമല മാതാവിനോടുള്ള വണക്കം പ്രത്യേകിച്ചു ഉത്തരിയ ജപമാല ഭക്തിയിലൂടെ നാം തീവ്രതരമാക്കണം. മൂന്നാറിന്റെ സ്ഥാപകനായ അൽഫോൺസ് മരിയ ഒ.സി.ഡി.അച്ചനോടും അവിടെ ശുശ്രുഷ നിർവഹിച്ച മറ്റു കർമ്മലീത്താ മിഷണറിമാരോടും ഇടവകയുടെ ഉന്നമനത്തിനായി ജീവിതം സമർപ്പിച്ച എല്ലാ വൈദികരോടും സന്യസ്തരോടും അത്മായ ശുശ്രുഷകരോടും രൂപതയുടെ കടപ്പാട് ആത്മീയമായി പ്രകടിപ്പിക്കുവാനുള്ള അവസരമായി നമുക്ക് ഈ ആഘോഷങ്ങളെ കരുതാം.

ഏവർക്കും എല്ലാ നന്മയും കൃപകളും ആശംസിച്ചു കൊണ്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ആശീർവ്വദിച്ചുകൊള്ളുന്നു.

**✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
*വിജയപുരം മെത്രാൻ*

---

*NB:*

1. ഈ സർക്കുലർ 28-4-2024 ഞായറാഴ്ചകളിലായി നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# ദൈവവിളികൾക്കായുള്ള 2024-ലെ 61-ാമത് ആഗോള പ്രാർഥനാദിനത്തിൽ

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം

## (ഏപ്രിൽ 21, 2024)

---

**പ്രത്യാശയുടെ വിത്തുകൾ വിതയ്ക്കാനും സമാധാനം സംസ്ഥാപിക്കാനും വിളിക്കപ്പെടുന്നത്**

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവവിളികൾക്കായുള്ള ആഗോള പ്രാർഥനാദിനത്തിൽ ഓരോ വർഷവും കർത്താവ് നമുക്ക് ഓരോരുത്തർക്കും നൽകുന്ന അമൂല്യവിളിയെക്കുറിച്ച് ചിന്തിക്കാൻ അവിടന്ന് നമ്മെ ക്ഷണിക്കുന്നു. തന്റെ വിശ്വസ്ത തീർഥാടക ജനത്തിലെ അംഗങ്ങൾ എന്ന നിലയിൽ അവിടത്തെ സ്നേഹം നിറഞ്ഞ പദ്ധതിയിൽ പങ്കുചേരാനും സുവിശേഷത്തിന്റെ സൗന്ദര്യം ജീവിതത്തിന്റെ വ്യത്യസ്ത അന്തസ്സുകളിൽ പ്രകാശിതമാക്കാനും ആണ് ഈ വിളി. ദൈവിക വിളി കേൾക്കുക എന്നത് നമ്മുടെ സന്തോഷത്തി നായുള്ള അഗാധമായ ആഗ്രഹം സഫലീകരിക്കാനുള്ള സുനിശ്ചിതമായ മാർഗമാണ്; ആ വിളി നമ്മുടെ മേൽ – അത് ഒരു മതാത്മക ആദർശത്തിന്റെ അടിസ്ഥാനത്തിൽ ആണെങ്കിൽപ്പോലും – അടിച്ചേൽപ്പിക്കപ്പെട്ട ഒരു കടമയല്ല. നാം ആരാണെന്ന് സ്വയം മനസ്സിലാക്കുമ്പോൾ, നമുക്കുള്ള ദാനങ്ങൾ എന്താണെന്ന് കണ്ടെത്തുമ്പോൾ, എവിടെയാണ് നമുക്ക് ഫലം പുറപ്പെടുവിക്കാമെന്നത് തിരിച്ചറിയുമ്പോൾ, നാം എവിടെത്തന്നെയായിരുന്നാലും, സ്നേഹത്തിന്റെ അടയാളങ്ങളും ഉപകരണങ്ങളും, തുറവിയോടെ മറ്റുള്ളവരെ സ്വീകരിക്കാനുള്ള താത്പര്യവും സൗന്ദര്യവും ശാന്തിയും ആർജിക്കാനുള്ള മാർഗങ്ങളും നാം കണ്ടെത്തുമ്പോൾ നമ്മുടെ ജീവിതങ്ങൾ സഫലീകൃതമാകും.

ആകയാൽ, തങ്ങളുടെ അസ്തിത്വത്തെ മുഴുവൻ ചൂഴ്ന്നുനിൽക്കുന്ന ഈ വിളിയിൽ വിശ്വസ്തമായി നിലനിൽക്കാനായി നിരന്തരമുള്ള രഹസ്യശ്രമങ്ങൾ നടത്തിക്കൊണ്ട് അതിന് ഉത്തരം നൽകുന്ന എല്ലാവരെയും ഓർക്കാനും കർത്താവിനു കൃതജ്ഞത അർപ്പിക്കാനും ഈ ദിനം ഉത്തമമായ ഒരു അവസരം ഒരുക്കുന്നു. പ്രഥമമായി തങ്ങളെക്കുറിച്ചു ചിന്തിക്കാതിരിക്കുകയും നൈമിഷികമാവിധം മിന്നിമറയുന്ന പരിഷ്കാരങ്ങളെ പിഞ്ചെല്ലാതിരിക്കുകയും ചെയ്യുന്ന മാതാപിതാക്കന്മാരെ ഞാൻ അനുസ്മരിക്കുന്നു. അവർ തങ്ങളുടെ ജീവിതങ്ങൾ രൂപപ്പെടുത്തുന്നത് ബന്ധങ്ങൾ വഴിയാണ്; ആ ബന്ധങ്ങളാകട്ടെ സ്നേഹത്തിലും ആർദ്രതയിലും ജീവന്റെ

ദാനത്തോടുള്ള തുറവിലും തങ്ങളുടെ മക്കളോടുള്ള പ്രതിജ്ഞാബദ്ധതയിലും പക്വതയിലുള്ള വളർച്ചയിലും ഉൾപ്പെട്ടിരിക്കുന്നതാണ്. മറ്റുള്ളവരുമായി സഹകരണചൈതന്യത്തോടെ തങ്ങളുടെ ജോലി നിർവഹിക്കുന്നവരെയും കൂടുതൽ നീതിയുക്തമായ ഒരു ലോകത്തെ കെട്ടിപ്പടുക്കുന്നതിനും കൂടുതൽ ബലമുള്ള ഒരു സമ്പദ് വ്യവസ്ഥയും സമദർശിയായ ഒരു സാമൂഹ്യനയവും കൂടുതൽ മാനുഷികമായ ഒരു സമൂഹവും രൂപവൽക്കരി ക്കുന്നതിനുമായി വ്യത്യസ്തങ്ങളായ മാർഗങ്ങളിലൂടെ ശ്രമിക്കുന്നവരെയും ഞാൻ അനുസ്മരിക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ, പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിനായി തങ്ങളുടെ ജീവിതം സമർപ്പിക്കുന്ന സന്മനസ്സുള്ള എല്ലാ സ്ത്രീപുരുഷന്മാരെയും ഞാൻ ഓർക്കുന്നു. മാത്രമല്ല, പ്രാർഥനയുടെ നിശബ്ദതയിലും അപ്പസ്തോലിക പ്രവർത്തനത്തിലും ഏർപ്പെട്ടിരുന്നുകൊണ്ട് തങ്ങളുടെ ജീവിതങ്ങൾ കർത്താവിനു കാഴ്ചവച്ചുകൊണ്ടു പ്രവർത്തിക്കുന്ന സമർപ്പിതരായ എല്ലാ സ്ത്രീപുരുഷന്മാരെയും ഞാനോർക്കുന്നു; ചിലപ്പോഴൊക്കെ അവർ പ്രവൃത്തി എടുക്കുന്നത് സമൂഹത്തിന്റെ വിളിമ്പുകളിലാണ്; അവർ തങ്ങൾക്കു ചുറ്റുമുള്ളവരെ ശുശ്രൂഷിച്ചുകൊണ്ട് അക്ഷീണം തങ്ങളുടെ ദാനങ്ങൾ (charisms) ക്രിയാത്മകമാവിധം പരിപോഷിപ്പിക്കുന്നു. ശുശ്രൂഷാപൗരോഹിത്യത്തിലേക്കുള്ള ദൈവത്തിന്റെ വിളി സ്വീകരിച്ചിട്ടുള്ള എല്ലാവരെയും ഞാൻ ഓർക്കുന്നു. അവർ സുവിശേഷപ്രഘോഷണത്തിനായി സ്വയം സമർപ്പിക്കുമ്പോൾത്തന്നെ ദിവ്യകാരുണ്യ അപ്പത്തോടൊപ്പം തങ്ങളുടെ ജീവിതങ്ങൾതന്നെ സഹോദരീ സഹോദരന്മാർക്കായി മുറിച്ചുവിളമ്പുന്നതിനും അങ്ങനെ പ്രത്യാശയുടെ വിത്തുകൾ വിതയ്ക്കുന്നതിനും ദൈവരാജ്യത്തിന്റെ സൗന്ദര്യം എല്ലാവർക്കും വെളിപ്പെടുത്തികൊടുക്കുന്നതിനും തയ്യാറാകുന്നു.

യുവതീയുവാക്കളോട്, പ്രത്യേകിച്ച് സഭയിൽനിന്ന് വിദൂരത്ത് ആയിരിക്കുകയും സഭയെക്കുറിച്ച് ഒരു നിശ്ചയവും ഇല്ലാതിരിക്കുകയും ചെയ്യുന്നവരോട്, ഞാൻ ഇപ്രകാരം പറയുന്നു: യേശുതന്നെയും നിങ്ങളെ അവന്റെ അടുത്തേക്ക് കൊണ്ടുവരട്ടെ. സുവിശേഷങ്ങൾ വായിക്കുന്നതിലൂടെ ഉയർന്നുവരുന്ന നിങ്ങളുടെ പ്രധാനപ്പെട്ട ചോദ്യങ്ങൾ അവന്റെ പക്കലേക്ക് കൊണ്ടുവരിക; തന്റെ സാന്നിധ്യംവഴിയായി അവൻ നിങ്ങളെ വെല്ലുവിളിക്കട്ടെ; അവന്റെ സാന്നിധ്യം എപ്പോഴും ആരോഗ്യകരമായ ഒരു പ്രതിസന്ധി സൃഷ്ടിക്കുന്നതാണ്. മറ്റാരെയുംകാൾ യേശു നമ്മുടെ സ്വാതന്ത്ര്യത്തെ മാനിക്കുന്നു. യേശു ഒരിക്കലും ഒന്നും അടിച്ചേൽപ്പിക്കുകയില്ല; നിർദ്ദേശിക്കുകമാത്രം ചെയ്യും. അവന് ഇടം കൊടുക്കുക; അവനെ അനുഗമിക്കുന്നതുവഴിയായി നിങ്ങൾ നിശ്ചയമായും സന്തോഷത്തിന്റെ വഴി കണ്ടെത്തും. അവൻ നിങ്ങളോട് ആവശ്യപ്പെട്ടാൽ, നിങ്ങളെത്തന്നെ പൂർണമായി അവനു നൽകുക.

## പാതയിൽ ആയിരിക്കുന്ന ജനം

ക്രൈസ്തവ സമൂഹം അംഗീകരിക്കുകയും അനുഗമനംചെയ്യുകയും ചെയ്യുന്ന വ്യത്യസ്തങ്ങളായ ദാനങ്ങളുടെയും ദൈവവിളികളുടെയും സ്വരലയം ക്രിസ്ത്യാനികൾ ആയിരിക്കുക എന്നാൽ എന്താണെന്നുള്ളതിനെ കൂടുതൽ വിലമതിക്കാൻ നമ്മെ സഹായിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ സജീവ ശിലകളും നാം അവന്റെ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതുമായ ഈ ലോകത്തിലെ ദൈവത്തിന്റെ ജനം എന്ന നിലയ്ക്ക് വളരെ വലിയ ഒരു കുടുംബത്തിലെ അംഗങ്ങളാണെന്നും പിതാവിന്റെ മക്കൾ എന്ന നിലയിൽ പരസ്പരം സഹോദരീസഹോദരന്മാരാണെന്നും തിരിച്ചറിയുന്നു. നാം നമ്മിൽത്തന്നെ ഒതുങ്ങുന്ന ദ്വീപുകൾ അല്ല, പ്രത്യുത വലിയൊരു പൂർണതയുടെ വിവിധ ഭാഗങ്ങളാണ്. ഈ അർഥത്തിൽ ദൈവവിളികൾക്കായുള്ള ആഗോള പ്രാർഥനാദിനത്തിന് ഒരു സിനഡാത്മക സ്വഭാവമുണ്ട്: നമ്മുടെ വ്യത്യസ്തങ്ങളായ ദാനങ്ങൾക്കിടയിൽ പരസ്പരം ശ്രവിക്കാനും ഒരുമിച്ചു സഞ്ചരിക്കാനും നാം ക്ഷണിക്കപ്പെടുന്നു; അത് ഓരോരുത്തരെയും അംഗീകരിക്കാനും എല്ലാവരുടെയും നന്മയ്ക്കായി എവിടേക്കാണ് ആത്മാവ് നമ്മെ നയിക്കുന്നത് എന്നത് വിവേചിച്ചറിയാനും വേണ്ടിയാണ്.

ഈ കാലസന്ധിയിൽ നമ്മുടെ പൊതുവായ സഞ്ചാരം 2025-ലെ ജൂബിലി ആഘോഷത്തിലേക്കാണ് നമ്മെ കൊണ്ടെത്തിക്കുന്നത്. വിശുദ്ധ വർഷത്തിലേക്ക് 'പ്രത്യാശയുടെ തീർഥാടകരായി' ഒരുമിച്ച് യാത്ര ചെയ്യാം. എന്തെന്നാൽ, നമ്മുടെതന്നെ വിളി കണ്ടെത്തുകയും ആത്മാവ് വർഷിക്കുന്ന വിവിധങ്ങളായ ദാനങ്ങളുടെ ഇടയിൽ അതിന്റെ സ്ഥാനം നമുക്ക് കണ്ടെത്തുകയും ചെയ്യാം; അങ്ങനെ ദൈവത്തിന്റെ സ്നേഹത്താലും ഉപവിയുടെയും സഹകരണത്തിന്റെയും സാഹോദര്യത്തിന്റെയും ശൃംഖലകളാലും ബന്ധിക്കപ്പെട്ട് ഒന്നായി തീർന്നുകൊണ്ട് നമ്മുടെ ലോകത്തിനു ഏക മനുഷ്യ കുടുംബം എന്ന യേശുവിന്റെ സ്വപ്നത്തിന്റെ സാക്ഷികളും സന്ദേശവാഹകരും നമുക്ക് ആയിത്തീരാം.

തന്റെ രാജ്യത്തിന്റെ നിർമിതിക്കായി വിശുദ്ധമായ ദൈവവിളികൾക്കായി പിതാവിനോടു സവിശേഷമായി യാചിക്കാനുള്ള ഒരു ദിനമാണിന്ന്: 'തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോടു നിങ്ങൾ പ്രാർഥിക്കുവിൻ' (ലൂക്കാ 10:2). നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, പ്രാർഥന എന്നത് അവിടത്തോട് സംസാരിക്കുക എന്നതിലുപരി അവിടത്തെ ശ്രവിക്കുക എന്നതത്രെ. ദൈവം നമ്മുടെ ഹൃദയത്തോടു സംസാരിക്കുന്നു; അത് തുറന്നിരിക്കുന്നത് കാണാൻ അവിടന്ന് ആഗ്രഹിക്കുന്നു; അത് ആത്മാർഥവും ഉദാരവുമായതും ആയിരിക്കണം. യേശുക്രിസ്തുവിൽ മാംസംധരിച്ച അവിടത്തെ വചനം പിതാവിന്റെ ഹിതം പൂർണമായും നമുക്ക് വെളിപ്പെടുത്തിത്തന്നു.

ജൂബിലിയുടെ ഒരുക്കത്തിനായുള്ള പ്രാർഥനയ്ക്കായി മാറ്റിവെച്ചിരിക്കുന്ന ഈ വർഷം കർത്താവുമായുള്ള ഹൃദയപൂർവമായ സംഭാഷണത്തിൽ ഏർപ്പെടുന്നതിനുള്ള നമ്മുടെ അമൂല്യ അനുഗ്രഹമായ കഴിവ് വീണ്ടും കണ്ടെത്താനും അങ്ങനെ പ്രത്യാശയുടെ തീർഥാടകരായി തീരാനും നാം ക്ഷണിക്കപ്പെടുന്നു. എന്തെന്നാൽ 'പ്രത്യാശയുടെ ആദ്യത്തെ ശക്തി പ്രാർഥനയാണ്. നിങ്ങൾ പ്രാർഥിക്കുമ്പോൾ പ്രത്യാശ വർധിക്കുന്നു; അത് മുന്നോട്ട് നയിക്കുന്നു. പ്രാർഥനയാണ് പ്രത്യാശയുടെ വാതിൽ തുറക്കുന്നത്. പ്രത്യാശ അവിടെ ഉണ്ട്; എന്റെ പ്രാർഥനവഴി ഞാൻ വാതിൽ തുറക്കുന്നു' (*Catechesis*, 20 May 2020).

**പ്രത്യാശയുടെ തീർഥാടകരും സമാധാനത്തിന്റെ വിധാതാക്കളും**

എന്നാൽ തീർഥാടകരായിരിക്കുക എന്നു പറഞ്ഞാൽ എന്താണ്? തീർഥാടനത്തിനു പോകുന്നവർ മുഖ്യമായും തങ്ങളുടെ ദൃഷ്ടികൾ ഒരു ലക്ഷ്യത്തിൽ പതിപ്പിക്കുന്നു; അത് അവരുടെ മനസ്സിലും ഹൃദയത്തിലും എപ്പോഴും ഉണ്ടായിരിക്കുന്നതിനുവേണ്ടിയാണ്. ആ ലക്ഷ്യം പ്രാപിക്കാൻ അവർ ഓരോ ചുവടിലും ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ആകയാൽ, കുറഞ്ഞ ഭാരവുമായി സഞ്ചരിക്കണം. അതായത്, തങ്ങളെ ഭാരപ്പെടുത്തുന്ന എല്ലാം ഉപേക്ഷിക്കേണ്ടതുണ്ട്; അത്യാവശ്യം വേണ്ടവ മാത്രം വഹിക്കുകയും ഓരോ ദിവസവും ക്ഷീണവും ഭയവും അനിശ്ചിതത്വവും മുരടിപ്പും ഒക്കെ ഒഴിവാക്കുകയും വേണം. തീർഥാടകർ ഓരോ ദിവസവും ആരംഭിക്കുന്ന ആളുകളാണ്; അവർ നവമായി തുടങ്ങുന്നു. യാത്ര ക്ഷീണം ഉളവാക്കുന്നതും ദുഷ്കരവും ആണെങ്കിൽപ്പോലും അതിന്റെ ഓരോ ഭാഗത്തും ആവശ്യമായുള്ള താത്പര്യവും ശക്തിയും ഓരോ ദിവസവും അവർ കണ്ടെത്തുന്നു; അപ്പോൾ പുതിയ ചക്രവാളങ്ങൾ മിഴിതുറക്കുകയും നാം മുമ്പ് കണ്ടിട്ടില്ലാത്ത വീഥികൾ തുറന്നുവരികയും ചെയ്യും.

നമ്മുടെ ക്രൈസ്തവ തീർഥാടനത്തിന്റെ ആത്യന്തിക അർഥം ഇതാണ്: ദൈവസ്നേഹം കണ്ടെത്താനായി നാം ഇറങ്ങിപ്പുറപ്പെടുന്നു; അതേസമയംതന്നെ നാം നമ്മെത്തന്നെയും കണ്ടെത്തുന്നു; അതായത്, നമ്മുടെ ഉള്ളിൽത്തന്നെ നടത്തുന്ന യാത്രവഴിയായി; അത് പരിപോഷിപ്പിക്കപ്പെടുന്നത് മറ്റുള്ളവരുമായുള്ള ബന്ധംവഴിയാണ്. നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നതിനാലാണ് തീർഥാടകരായിരിക്കുന്നത്: ദൈവത്തെ സ്നേഹിക്കാനും പരസ്പരം സ്നേഹിക്കാനും വിളിക്കപ്പെട്ടിരിക്കുന്നവർ. ഈ ലോകത്തിലുള്ള നമ്മുടെ തീർഥാടനം ലക്ഷ്യമില്ലാതെ മുന്നേറുന്നതോ അലഞ്ഞു തിരയുന്നതോ അല്ല. മറിച്ച്, ഓരോ ദിവസവും ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നൽകിക്കൊണ്ട് ഒരു പുതിയ ലോകത്തിലേക്ക് കാൽവയ്ക്കാനുള്ള ശ്രമം നാം നടത്തുന്നു; അവിടെ എല്ലാവർക്കും സമാധാനത്തിലും നീതിയിലും വസിക്കാനാകും. നമ്മൾ പ്രത്യാശയുടെ തീർഥാടകരാണ്; കാരണം, നമ്മൾ കൂടുതൽ ശോഭനമായ

ഒരു ഭാവിയിലേക്കാണ് കുതിക്കുന്നത്; ഓരോ കാൽവയ്പ്പിലും അത് സാക്ഷാത്കരിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്.

യഥാർഥത്തിൽ ഓരോ ദൈവവിളിയുടെയും ലക്ഷ്യം ഇതാണ്: പ്രത്യാശയുടെ സ്ത്രീപുരുഷന്മാരായി ഭവിക്കുക. ഐതിഹാസികമായ വെല്ലുവിളികളാൽ കലുഷിതമായ ഇന്നത്തെ ലോകത്ത്, വ്യക്തികളും സമൂഹങ്ങളും എന്ന നിലയിൽ, നമ്മുടെ വ്യത്യസ്തങ്ങളായ ദാനങ്ങളും ശുശ്രൂഷകളും വഴിയായി സുവിശേഷസന്ദേശമായ പ്രത്യാശയുടെ ആൾരൂപങ്ങളും സന്ദേശവാഹകരും ആകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഈ കാലസന്ധി വിവിധ ഇടങ്ങളിലായി കുറേശ്ശയായി പൊരുതപ്പെടുന്ന മൂന്നാം ലോകമഹായുദ്ധത്തിന്റെ വിനാശകരമായ മായാവലയത്തിലാണ്. കൂടുതൽ നല്ല ഒരു ഭാവിയെ അന്വേഷിക്കുന്നതിന്റെ ഭാഗമായി തങ്ങളുടെ സ്വന്തം നാടുകൾ ഉപേക്ഷിച്ച് ദേശാന്തരഗമനം ചെയ്യുന്നവരുടെ പ്രവാഹം, വർധിതമായിക്കൊണ്ടിരിക്കുന്ന ദരിദ്രരുടെ എണ്ണം, നമ്മുടെ ഈ ഗ്രഹത്തിന്റെ ആരോഗ്യം തിരിച്ചുപിടിക്കാനാകാത്തവിധമുള്ള പ്രശ്നങ്ങൾ എന്നിവ ഇവയിൽ ചിലതാണ്. ഇങ്ങനെയുള്ള ഒട്ടനവധി പ്രശ്നങ്ങളാണ് നാം ദിവസവും അഭിമുഖീകരിക്കുന്നത്; അവ പലപ്പോഴും നമ്മെ കീഴടങ്ങിലേക്കും പരാജയം അംഗീകരിക്കുന്നതിലേക്കും കൊണ്ടെത്തിക്കുന്നു.

ആകയാൽ, നമ്മുടെ ഈ ദിനങ്ങളിൽ ക്രിസ്ത്യാനികളായ നാം പ്രത്യാശഭരിതമായ ഒരു കാഴ്ചപ്പാട് പുലർത്തുക എന്നത് അനിവാര്യമാണ്. ദൈവരാജ്യത്തിന്റെ സ്നേഹത്തിനും നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള ശുശ്രൂഷയുടെ ഭാഗമായി നമുക്ക് ലഭിച്ചിട്ടുള്ള ദൈവവിളിക്ക് ഫലപ്രദമാംവിധം ഉത്തരം നൽകിക്കൊണ്ട് നാം പ്രവർത്തിക്കണം. ഈ പ്രത്യാശ നമ്മെ, വിശുദ്ധ പൗലോസ് പറയുന്നതുപോലെ 'നിരാശരാക്കുന്നില്ല' (റോമ 5:5). കാരണം, കർത്താവ് നമ്മോടൊപ്പം എപ്പോഴും വസിക്കും എന്നും, ഓരോ വ്യക്തിയുടെയും ഹൃദയത്തിലും സൃഷ്ടിയുടെതന്നെ 'ഹൃദയത്തിലും' അവിടന്ന് നിവർത്തിയാക്കാൻ ആഗ്രഹിക്കുന്ന രക്ഷാകര പ്രവൃത്തിയിൽ നമ്മെയും പങ്കാളികളാക്കും എന്നും ഉള്ള അവിടത്തെ വാഗ്ദാനത്തിലും അധിഷ്ഠിതമാണിത്. ക്രിസ്തുവിന്റെ ഉത്ഥാനത്തിലാണ് ഈ പ്രത്യാശ അതിന്റെ മുന്നോട്ടുള്ള ഗതിശക്തി കണ്ടെത്തുന്നത്. എന്തെന്നാൽ, 'ഈ ലോകം മുഴുവൻ നിറച്ച ഒരു ജീവശക്തി ഉത്ഥാനത്തിനുണ്ട്. എല്ലാം മരണത്തിന് അധീനമായി എന്ന് തോന്നുന്നിടത്ത് പെട്ടെന്ന് ഉത്ഥാനത്തിന്റെ അടയാളങ്ങൾ ഉയർന്നുവരുന്നു. അത് ആർക്കും തടുക്കാനാവാത്ത ഒരു ശക്തിയാണ്. ദൈവമില്ലെന്ന് പലപ്പോഴും തോന്നിപ്പോകും. കാരണം, നമുക്ക് ചുറ്റും എല്ലായിടത്തും സ്ഥിരമായ അനീതിയും തിന്മയും നിസ്സംഗതയും ക്രൂരതയും നാം കാണുന്നു. എന്നാൽ, ഇരുട്ടിന്റെ മധ്യത്തിലും പുതിയ എന്തെങ്കിലും ജീവനിലേക്ക്

വരുന്നു എന്നതും ഒരു യാഥാർഥ്യമാണ്; അത് പെട്ടെന്നോ പിന്നീടോ ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു' (*സുവിശേഷത്തിന്റെ സന്തോഷം* = *Evangelii Gaudium*, 276). പൗലോസ് അപ്പോസ്തലൻ പിന്നെയും നമ്മോട് പറയുന്നു, പ്രത്യാശയാലാണ് നാം രക്ഷിക്കപ്പെട്ടത് (റോമ 8:24). പെസഹാരഹസ്യത്തിൽ പൂർത്തിയാക്കപ്പെട്ട വീണ്ടെടുപ്പ് പ്രത്യാശയുടെ സ്രോതസ്സാണ്. അത് സുനിശ്ചിതവും വിശ്വാസയോഗ്യവുമായ പ്രത്യാശയാണ്; അതുമൂലം നമുക്ക് ഇക്കാലത്തെ വെല്ലുവിളികളെ നേരിടാൻ ആകും.

ആകയാൽ, പ്രത്യാശയുടെ തീർഥാടകരും സമാധാനത്തിന്റെ വിധാതാക്കളും ആയിരിക്കുക എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ ഉത്ഥാനം എന്ന പാറമേൽ നമ്മുടെ ജീവിതങ്ങൾ പടുത്തുയർത്തുക എന്നത്രേ. അത് നാം ആശ്ലേഷിക്കുകയും ജീവിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന വിളിക്ക് അനുയോജ്യമായി നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും വ്യർഥമായി തീരുകയില്ല എന്ന ബോധ്യത്തിലേക്ക് നമ്മെ നയിക്കുന്നതാകും. വഴിമധ്യേ പരാജയങ്ങളും തടസ്സങ്ങളും ഉണ്ടായേക്കാം; പക്ഷേ, നാം വിതയ്ക്കുന്ന നന്മയുടെ വിത്തുകൾ നിശബ്ദമായി വളർന്നുകൊണ്ടിരിക്കും. ആത്യന്തിക ലക്ഷ്യത്തിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കാൻ ഒന്നിനും സാധിക്കുകയില്ല; അതായത്, ക്രിസ്തുവുമായുള്ള കണ്ടുമുട്ടലും സഹോദരസ്നേഹത്തിൽ നിത്യമായി ജീവിക്കുന്നതിന്റെ ആനന്ദവും എന്ന ലക്ഷ്യം. ഈ ആത്യന്തിക വിളി ഓരോ ദിവസവും നാം മുൻകൂട്ടി അനുഭവിക്കേണ്ടതാണ്; അതായത്, ഇപ്പോൾത്തന്നെ ദൈവമായും നമ്മുടെ സഹോദരീസഹോദരന്മാരുമായും നമുക്കുള്ള സ്നേഹബന്ധം ഐക്യത്തിന്റെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റേതുമായ ദൈവത്തിന്റെ സ്വപ്നം നിലവിൽ വരുത്തുന്നതിന്റെ ആരംഭംകുറിക്കുന്നതാണ്. ഒരാൾക്കും ഈ വിളിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നു എന്ന തോന്നൽ ഉണ്ടാകാതിരിക്കട്ടെ. നമുക്ക് ഓരോരുത്തർക്കും, നമ്മുടെതന്നെ എളിയ മാർഗങ്ങളിലൂടെ, നമ്മുടെ ജീവിതാന്തസ്സിന്റെ പ്രത്യേക സാഹചര്യമനുസരിച്ച്, ആത്മാവിന്റെ സഹായത്തോടെ, പ്രത്യാശയുടെയും സമാധാനത്തിന്റെയും വിത്തുകൾ വിതയ്ക്കുന്നവരായിത്തീരാൻ സാധിക്കും.

## പ്രതിജ്ഞാബദ്ധം ആകാനുള്ള ധൈര്യം

ഈ പശ്ചാത്തലത്തിൽ, ഞാൻ ആഗോള യുവജനദിനത്തിൽ ലിസ്ബണിൽ പറഞ്ഞതുപോലെ, വീണ്ടും പറയട്ടെ, 'എഴുന്നേൽക്കുവിൻ!' നിദ്രവിട്ട് നമുക്ക് എഴുന്നേൽക്കാം, നിസ്സംഗത നമുക്ക് ഒഴിവാക്കാം; പലപ്പോഴും നാം നമ്മെത്തന്നെ സ്വയം അടച്ചുപൂട്ടുന്ന തടവറയുടെ വാതിലുകൾ നമുക്ക് തുറക്കാം. അങ്ങനെ നമുക്ക് ഓരോരുത്തർക്കും സഭയിലും ലോകത്തിലുമുള്ള നമ്മുടെ ദൈവവിളി കണ്ടെത്തുകയും പ്രത്യാശയുടെ തീർഥാടകരും സമാധാനത്തിന്റെ

വിധാതാക്കളും ആയി മാറാം. ജീവിതത്തെക്കുറിച്ച് നമുക്ക് ആവേശഭരിതരാകാം; നാം ജീവിക്കുന്ന ഓരോയിടത്തും നമുക്ക് ചുറ്റുമുള്ളവരെ സ്നേഹപൂർവ്വം ശുശ്രൂഷിക്കുന്നതിന് നമുക്ക് പ്രതിജ്ഞാബദ്ധരാകാം. വീണ്ടും ഞാൻ പറയട്ടെ, 'പ്രതിജ്ഞാബദ്ധരാകാനുള്ള ധൈര്യമുണ്ടായിരിക്കുക!' എപ്പോഴും ദരിദ്രരുടെയും അരക്ഷിതരുടെയും ചാരെ നിന്നിരുന്ന സ്നേഹത്തിന്റെ അക്ഷീണനായ അപ്പോസ്തലനായിരുന്ന ഒരെസ്തേ ബെൻസി എന്ന വൈദികൻ പലപ്പോഴും പറയുമായിരുന്നു: ഒന്നും നൽകാൻ കഴിയാത്തവിധം ഒരാളും അത്രയ്ക്ക് നിർധനനല്ല; ഒന്നും സ്വീകരിക്കേണ്ട ആവശ്യമില്ലാത്തവിധം ഒരാളും അത്രയ്ക്ക് ധനവാനും അല്ല.

ആകയാൽ നമുക്ക് എഴുന്നേൽക്കാം; പ്രത്യാശയുടെ തീർഥാടകരായി നമുക്ക് പുറപ്പെടാം; മറിയം എലിസബത്തിനായിരുന്നതുപോലെ, നമുക്ക് സന്തോഷത്തിന്റെ സന്ദേശവാഹകരാകാം; നമുക്ക് പുതുജീവന്റെ സ്രോതസ്സുകളും സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും ശില്പികളുമാകാം.

ജോൺ ലാറ്ററൻ ദേവാലയം, റോമാ

ഏപ്രിൽ 21, 2024, പെസഹാകാലത്തിലെ നാലാം ഞായർ

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി – 682 025

---

## പരേതരെ സ്മരിക്കാം – മെയ്

| | | |
|---|---|---|
| 02 | (2013) | ഫാ. ജോസഫ് കുരിശുംമൂട്ടിൽ |
| 03 | (2020) | ഫാ. ജേക്കബ് പുതുപ്പറമ്പിൽ |
| 05 | (1933) | ആർച്ച് ബിഷപ് ബെർണാഡ് ഒ.സി.ഡി. |
| 07 | (1995) | ഫാ. ഏഞ്ചൽമേരി ഒ.സി.ഡി. |
| 07 | (1999) | ഫാ. ജോൺ പള്ളത്ത് ഒ.സി.ഡി. |
| 07 | (2010) | ഫാ. ജെയിംസ് പൊടിമറ്റം |
| 10 | (2008) | ഫാ. മാത്യു ചെമ്മരപ്പള്ളി സി.എഫ്.ഐ.സി. |
| 18 | (2007) | ഫാ. ഫിലിപ്പ് മണപ്പുറത്ത് സി.എഫ്.ഐ.സി. |
| 25 | (1967) | ഫാ. എവുസേബിയൂസ് ഒ.സി.ഡി. |
| 26 | (1985) | ഫാ. അർക്കേഞ്ചൽ ഒ.സി.ഡി. |
| 29 | (2004) | ഫാ. സേവ്യർ പള്ളത്തുപറമ്പിൽ |

# ഇടവകകളിൽനിന്നും കൂരിയായിൽ ലഭിച്ച തുകകൾ

| 2023 | പ്രത്യക്ഷവത്ക്കരണം ജനു.08 | തിരുബാലസഖ്യ ദിനം ഫെ. 12 | വിശപ്പിനും രോഗത്തിനുമെതിരെ | കമ്മ്യൂണിയോ ഇന്ത്യ മാർച്ച് 12 | പി.എം.എ ഏപ്രിൽ 06 | വി. നാട് ഏപ്രിൽ 07 | ദൈവവിളി ദിനം ഏപ്രിൽ-30 | വി. പത്രോസിന്റെ സിംഹാസനദിനം ജൂൺ 25 | കെ.സി.വൈ.എം ജൂലൈ 9 | നീതി ഞായർ ആഗ 20 | മിഷൻ ഞായർ | മാധ്യമ ഞായർ ഡിസം. 05 | കെ.ആർ.എൽ.സി.സി. ദിനം ഡിസം.03 | ദൈവവചന ഞായർ ഡിസം.17 | തിരുകുടുംബദിനം ഡിസം.31 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| അടിമാലി | 1500 | 1500 | | 1000 | 5000 | 8000 | 1000 | 1000 | 1000 | 1000 | 36000 | 1000 | 1000 | 500 | 500 |
| അമയന്നൂർ | 1200 | 650 | 5500 | 1000 | 26000 | 1100 | 1100 | 900 | 1200 | 1300 | 35000 | 900 | 1200 | | |
| ആണ്ടൂർ | 500 | 500 | | 300 | | 500 | 550 | 400 | 500 | 500 | 15000 | 300 | 400 | 500 | 500 |
| അരണക്കൽ | 1853 | 1941 | 3077 | 1207 | 4001 | 2123 | 1811 | 1519 | 1614 | 1410 | 50001 | 1712 | 1819 | 1467 | 1312 |
| ബിയെൽറാവ് | 750 | 750 | 12100 | 1000 | 2000 | 3500 | 900 | 1500 | 2000 | 1800 | 126100 | 1400 | 1500 | 2000 | 1500 |
| ചങ്ങനാശ്ശേരി | 5000 | 5000 | 40950 | 5000 | 36510 | 29200 | 5000 | 4000 | 4000 | 3000 | 217000 | 1500 | 2000 | 2000 | 2250 |
| ചപ്പാത്ത് | 1500 | 1500 | 6500 | 1500 | 20000 | 6000 | 1500 | 2000 | 2000 | 2000 | 110000 | 2820 | 1940 | 2330 | 2000 |
| ചാത്തൻതറ | 1000 | 1000 | 2000 | 800 | 1500 | 1500 | 1500 | 1500 | 1000 | 1000 | 26000 | 600 | 600 | 600 | 600 |
